**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 620 — 02.04.2018 -ൽ മറുപടിക്ക്

## ശ്രീനാരായണഗുരു തീർത്ഥാടന വിനോദസഞ്ചാര സർക്യൂട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീമതി. ഗീത ഗോപി<br>ശ്രീ. വി.എസ്. സുനിൽകുമാർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ശ്രീനാരായണ ഗുരുവുമായി ബന്ധപ്പെട്ട ചരിത്ര കേന്ദ്രങ്ങളെ ചേർത്തുള്ള തീർത്ഥാടന വിനോദ സഞ്ചാര സർക്യൂട്ട് നടപ്പാക്കുന്നതിന് പദ്ധതി യുണ്ടോ; വ്യക്തമാക്കുമോ; | എ) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതിയ്ക്കായി ശ്രീനാരായണ ഗുരു പിൽഗ്രിം സർക്യൂട്ട് എന്ന പദ്ധതിയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| ബി) ശ്രീനാരായണ ഗുരുവുമായി ബന്ധപ്പെട്ട ഏതൊക്കെ കേന്ദ്രങ്ങളാണ് പ്രസ്തുത സർക്യൂട്ടിൽ ഉൾപ്പെടുത്തുക യെന്ന് അറിയിക്കുമോ; | ബി) അരുവിപ്പുറം, കുന്നുംപാറ ശ്രീ സുബ്രഹ്മണ്യ ക്ഷേത്രം, ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം, ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം, മണ്ണന്തല ആനന്ദവല്ലീശ്വരം ക്ഷേത്രം, കായിക്കര കുമാരനാശാൻ സ്മാരകം എന്നീ കേന്ദ്രങ്ങളും കൂടാതെ അവയർനസ് & ട്രെയിനിംഗ്, ഡോക്കുമെന്റേഷൻ എന്നിവയും ഉൾപ്പെടുത്തിയുള്ള പ്രൊപ്പോസലാണ് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. |
| സി) പ്രസ്തുത പദ്ധതിയുടെ മൊത്തം ചെലവ് എത്ര രൂപയാകും എന്നാണ് കണക്കാക്കി യിട്ടുള്ളത്; ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാകു ന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കുമോ; | സി) മേൽ പദ്ധതിയ്ക്കായി 118 കോടി രൂപയുടെ കേന്ദ്ര സഹായ ത്തിനുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. പ്രൊപ്പോസൽ പരിശോധിച്ചാണ് കേന്ദ്ര സഹായം ലഭ്യമാക്കുന്നത്. |

| | |
|---|---|
| ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് ആരാധനാ കേന്ദ്രങ്ങൾക്കും ആശ്രമങ്ങൾക്കും സമീപം തീർത്ഥാടകർക്കായി എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കാനാണ് പദ്ധതി യിടുന്നത്; | ഡി) യും ഇ) യും ആരാധനാ കേന്ദ്രങ്ങളുടെയും ആശ്രമങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നുള്ള സംഘം പരിശോധനകൾ നടത്തിയാൽ മാത്രമെ ഇത് സംബന്ധിച്ച് വ്യക്തത വരികയുള്ളൂ. |
| ഇ) സർക്യൂട്ടിലെ എല്ലാ കേന്ദ്ര ങ്ങളിലും പൊതുവായി ഏതൊക്കെ സൗകര്യങ്ങൾ നിർമ്മിക്കുമെന്ന് വിശദമാക്കുമോ; | |
| എഫ്) പദ്ധതി എന്നേക്ക് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കുമോ? | എഫ്) കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ